DESPATCHED
On...05/06/2020.

17/2/2020


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in


ഹർജി നമ്പർ **AP.209(2)/2019**/എസ്.ഐ.സി

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.1896/എസ്.ഐ.സി-ജി 6/19

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ. ബാബു തോമസ്
മാളിയേക്കൽ
തിരുനക്കര
കോട്ടയം –686 001 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   ഹുസൂർ ശിരസ്തദാർ
   സെക്രട്ടറി–പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി
   കളക്ടറേറ്റ്, കോട്ടയം

2. അപ്പീൽ അധികാരി
   അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്
   കോട്ടയം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.10.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 13.11.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 17.12.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 04.02.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06.02.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25.02.2019,04.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13.03.2019, 16.11.2019 13.02.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് കോട്ടയം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ

തൃപ്തികരമല്ലാത്ത മറുപടിയാണ് നൽകിയെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും നിശ്ചിത സമയപരിധിയിക്കുള്ളിൽ മറുപടി നൽകിയില്ലെന്നും, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 22.10.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ സർക്കാർ പോലീസ് കംപ്ലെയ്ന്റ് അതോറിറ്റി രൂപീകരണത്തെത്തുടർന്ന് കോട്ടയം ജില്ലയിൽ ഡിസ്ട്രിക്ട് പോലീസ് കംപ്ലെയിന്റ് അതോറിറ്റി (ഡി.പി.സി.എ) രൂപീകൃത മായത് എന്നാണെന്നും, ഇനം 2 ൽ തുടർന്ന് നാളിതുവരെ ഡി.പി.സി.എ ചെയർമാൻമാർ ആരായിരുന്നു പേരുവിവരവും കാലഘട്ടവും നൽകാനും തുടങ്ങി 22 ഇനങ്ങളിലുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 13.11.2018 തിയതി ലഭിച്ച മറുപടിയിൽ ഇനം 9,10,17,18,19 ന് തെറ്റായ വിവരമാണ് നൽകിയതെന്നും ടി മറുപടി തൃപ്തികരമ ല്ലെന്നും കാണിച്ച് 17.12.2018 ന് അപ്പീൽ നൽകുകയും, ആയതിന് അപ്പീൽ അധികാരി 05.03.2019 ന് മറുപടി നൽകുകയും ചെയ്തു.

4. 13.11.2019 നും, 07.02.2020 നും സമർപ്പിച്ച റിപ്പോർട്ടിൽ, ഹർജിക്കാരൻ നൽകിയ വിവരാ വകാശ അപേക്ഷയ്ക്ക് 13.11.2018 ന് മറുപടി നൽകിയിട്ടുണ്ടെന്നും, 17,18,19 എന്നീ ചോദ്യങ്ങൾക്ക് മനപൂർവ്വം അല്ലാതെ തെറ്റ് സംഭവിച്ചതാണെന്നും, 29.11.2018 ൽ ഇക്കാര്യം വ്യക്തമാക്കി ശരിയായ വിവരം നൽകിയെന്നും, ടിയാന്റെ അപ്പീലിന് 05.03.3019 ൽ അപ്പീൽ അധികാരി തീർപ്പ് കൽപിച്ച് മറുപടി നൽകിയെന്നും, അപ്പീ ലധികാരിയുടെ നിർദ്ദേശപ്രകാരം 20-ാം ചോദ്യം സംബന്ധിച്ച വിവരം 12.03.2019 ന് സൗജന്യമായി നൽകിയെന്നുമാണ് ബോധിപ്പിച്ചത്.

5. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരാവകാശ അപേക്ഷ ഒന്നു കൂടി പരിശോ ധിച്ച് വിശദമായി റിപ്പോർട്ട് ഹർജിക്കാരന് നൽകാനും, ആയത് കമ്മീഷനിലേയ്ക്ക് അയയ്ക്കാനും ഹിയറിംഗ് സമയത്ത് കമ്മീഷൻ നിർദ്ദേശിച്ചതിൽ, 07.02.2020 ൽ എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ, വിവരാവകാശ അപേക്ഷയിന്മേൽ നൽകിയ 17,18,19 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി തെറ്റാണെന്നു ബോധ്യപ്പെട്ടതിന്റെ അടി സ്ഥാനത്തിൽ തെറ്റുകൾ തിരുത്തി കൃത്യമായ മറുപടി 29.11.2018 ന് നൽകിയെന്നാണ് എസ്.പി.ഐ.ഒ കമ്മീഷനെ ബോധിപ്പിച്ചത്. 9-ാമത്തെ ചോദ്യത്തിന് നൽകിയ മറു പടിയിൽ, വിവിധ സെക്ഷനുകളിലായാണ് മുമ്പ് പോലീസ് കംപ്ലയിന്റ് അതോറിറ്റി യിൽ ലഭിച്ചിരുന്ന പരാതികൾ പരിശോധിച്ചിരുന്നതെന്നും, ആയതിൽ നടപടി എടുത്തി രുന്നതും, കാപ്പാ പോലുള്ള പരാതികളിൽ തീരുമാനമെടുക്കുന്നതിനും പോലീസ് വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ സേവനം കൂടി ഉപയോഗപ്പെടുത്തിയിരുന്നു വെന്നും, ആ സമയത്ത് പോലീസ് കംപ്ലയിന്റ് അതോറിറ്റിക്കായി പ്രത്യേകം സജ്ജീക രണങ്ങളൊന്നും കളക്ടറേറ്റിൽ ഇല്ലായിരുന്നുവെന്നും, പല വിഭാഗങ്ങളിൽ പല ഉദ്യോ ഗസ്ഥരുടെ സഹായത്തോടെ ജോലി ചെയ്തുവരുന്നതിനാൽ ഫയലുകൾ കൃത്യമായി

ഒരു സെക്ഷനിൽ സൂക്ഷിച്ചുവയ്ക്കാൻ കഴിഞ്ഞില്ലെന്നും, അതിനാൽ അപേക്ഷന് വിവരം സമാഹരിച്ച് നൽകാൻ കഴിഞ്ഞില്ലെന്നുമാണ്. ടി ഓഫീസിൽ കളക്ടറേറ്റിലെ ഹുസൂർ ശിരസ്തദാറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ടെന്നും കളക്ടറേറ്റിലെ നിരവധി ഉത്തരവാദിത്വത്തിനിടയിലാണ് ടി ജോലി ചെയ്യുന്നതെന്നും എസ്.പി.ഐ.ഒ ബോധിപ്പിച്ചു. പോലീസ് കംപ്ലയിന്റ് അതോറിറ്റിയിൽ മാത്രമായി ക്ലറിക്കൽ സ്റ്റാഫ് ഇല്ലായെന്നും, എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിലെ അനവധി വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു ക്ലാർക്കിന്, ടി ഫയലുകൾ കൂടി കൈകാര്യം ചെയ്യാനുള്ള ചുമതലയാണ് നൽകിയിട്ടുള്ളത്. ടി അതോറിറ്ററിയുടെ തെളിവെടുപ്പ്, വിചാരണ തുടങ്ങിയ ദൈനം ദിന പ്രവർത്തനങ്ങളിൽ ടി ഉദ്യോഗസ്ഥർക്ക് യാതൊരു അധികാരം ഇല്ലെന്നും, ജില്ലാ ജഡ്ജി തസ്തികയിൽ നിന്നും വിരമിച്ച ന്യായാധിപൻ ചെയർമാനും, ജില്ലാ കളക്ടർ ജില്ലാ പോലീസ് മേധാവി എന്നിവർ അംഗങ്ങളുമായ ഒരു ഘടനയിലാണ് ഇത് പ്രവർത്തിക്കുന്നതെന്നും, സെക്രട്ടറിക്ക് (ഹുസൂർ ശിരസ്തദാർ) ടി ഘടനയിൽ യാതൊരു പങ്കാളിത്തവുമില്ലെന്നും അറിയിക്കുന്നുവെന്നാണ്. ഹർജിക്കാരന് ഇത് സംബന്ധിച്ച് കൂടുതലായി അറിയാനുണ്ടെങ്കിൽ ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ച് വിവരം സമാഹരിക്കാൻ ആവശ്യമായ സഹായം നൽകുന്നതിനും തയ്യാറാണെന്നുമാണ് ബോധിപ്പിച്ചത്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും സമർപ്പിച്ച റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും വിവരാവകാശ അപേക്ഷയ്ക്ക് തെറ്റായ മറുപടി നൽകിയത് സെക്ഷൻ 20(1) പ്രകാരം തെറ്റാണെന്ന് കമ്മീഷൻ വിലയിരുത്തുകയും എന്നാൽ തെറ്റ് ബോധ്യം വന്ന ഉടൻ ആയത് തിരുത്തി ശരിയായ മറുപടി നൽകിയത് കണക്കിലെടുത്ത് മേലിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കരുതെന്ന് കർശനമായ താക്കീത് നൽകുകയും കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകാനും നിർദ്ദേശിച്ചുകൊണ്ട് ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 ഫെബ്രുവരി 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**ഒപ്പ്**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

ജോയിന്റ് സെക്രട്ടറി(ഫിനാൻസ്)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

res